## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2642 13.03.2020 ൽ മറുപടിക്ക്

### മാവേലിക്കര മണ്ഡലത്തിലെ നവീകരിക്കുന്ന റോഡുകൾ

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) റീബിൽഡ് കേരള ഇനിഷിയേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് ഉത്തരവായതും കെ.എസ്.റ്റി.പി നിർവ്വഹണ ചുമതല വഹിക്കുന്നതുമായ മാവേലിക്കര നിയോജകമണ്ഡലത്തിലെ 7.9 കി.മീ ദൈർഘ്യമുള്ള തട്ടാരമ്പലം - മിച്ചൽ ജംഗ്ഷൻ - കൊച്ചാലംമൂട് റോഡിന്റെയും 10.70 കി.മീ ദൈർഘ്യമുള്ള മാങ്ങാംകുഴി - പന്തളം റോഡിന്റെയും പുനർനിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി M/S Egis India Consulting Engineers Pvt.Ltd നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനായുള്ള സർവ്വേ നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ തട്ടാരമ്പലം-മാവേലിക്കര-പന്തളം റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ (ഡിപിആർ) മാർച്ച് മാസത്തോടെ പൂർത്തിയാക്കി , ജർമ്മൻ ബാങ്കിന്റെ അംഗീകാരത്തോടെ 2020 മെയ് മാസത്തോടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് 2020 ജൂൺ മാസത്തോടെ പ്രവൃത്തികൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ